നമ്പർ: 85/2025

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

മലങ്കരസഭയെ മേയിച്ചു ഭരിച്ച ശ്രേഷ്ഠ മഹാപുരോഹിതനും മലങ്കര നസ്രാണികളുടെ തലവനുമായിരുന്ന മൂന്നാം മാർത്തോമ്മായുടെ 337-ാം ഓർമ്മപ്പെരുന്നാൾ 2025 ഏപ്രിൽ മാസം 20 ഞായർ മുതൽ 24 വ്യാഴം വരെ തീയതികളിൽ അദ്ദേഹം കബറടങ്ങിയിരിക്കുന്ന പുരാതന മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രമായ കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ സമുചിതമായി ആഘോഷിക്കുകയാണ്.

പ. സഭയുടെ വിശ്വാസം അഭംഗുരം കാത്തുസൂക്ഷിച്ച് മൺമറഞ്ഞുപോയ ആ പുണ്യശ്ലോകന്റെ ഓർമ്മപ്പെരുന്നാൾ ചടങ്ങുകളിൽ, വിശേഷിച്ച് പ്രധാന പെരുന്നാൾ ദിവസമായ 23-ാം തീയതി ബുധനാഴ്ച രാവിലെയുള്ള വി. മൂന്നിന്മേൽ കുർബ്ബാനയിൽ, ഏവരും നേർച്ചകാഴ്ചകളുമായി വന്ന് സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ഏപ്രിൽ മാസം 08-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.